എങ്കിലും ബഹുമാനപ്പെട്ട ഹൈക്കോടതി പ്രസ്തുത അപ്പീൽ തള്ളിക്കളഞ്ഞു. അതുകൊണ്ട് മോട്ടോർ വാഹന വകുപ്പിൽ ആട്ടോ കൺസൾട്ടന്റ് സിന് പ്രവർത്തിക്കുന്നതിനുള്ള ലൈസൻസിന് അംഗീകാരം നൽകണമെന്ന ആവശ്യം ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിന് വിരുദ്ധവും നിയമപ്രകാരം നടപ്പാക്കാൻ സാധ്യമല്ലാത്തതുമാകുന്നു.

(32) മലബാറിലെ ക്ഷേത്രജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, മലബാറിലെ ആയിരക്കണക്കിന് ക്ഷേത്രജീവനക്കാർക്ക് തുച്ഛമായ ശമ്പളമാണ് ലഭിക്കുന്നത്. വർഷങ്ങൾക്ക് മുൻപ് കേരള ഹൈക്കോടതി ഇക്കാര്യത്തെക്കുറിച്ച് നിയമനിർമ്മാണം നടത്തുകയും ഇവരെ സംരക്ഷിക്കണമെന്ന് ഗവൺമെന്റിനോട് പറയുകയും ചെയ്തു. രണ്ടുമാസത്തിനകം ഇതിന്മേൽ തീരുമാനമുണ്ടാകുമെന്ന് കേരള ഹൈക്കോടതി പറഞ്ഞു. വളരെ തുച്ഛമായ, 35-ഉം 40-ഉം രൂപ ശമ്പളം വാങ്ങിയാണ് മലബാറിലെ ക്ഷേത്ര ജീവനക്കാർ ജീവിക്കുന്നത്. അവർക്ക് കൊച്ചി ദേവസ്വം, തിരുവിതാംകൂർ ദേവസ്വം എന്നിവയ്ക്ക് തത്തുല്യമായ വേതനവ്യവസ്ഥകൾ നടപ്പാക്കണം. കേരള ഹൈക്കോടതി പറഞ്ഞിട്ടുപോലും അതു സംബന്ധിച്ച് ഒരു നടപടിയും കൈക്കൊള്ളാതിരിക്കുകയാണ്. ഇവിടെ ഗവൺമെന്റ് ഒരു നിയമം കൊണ്ടുവന്നു. അത് എലിസിറ്റിംഗ് പബ്ലിക് ഒപ്പീനിയന് അയച്ചു. അത് അതോടുകൂടി പോയെന്ന് ഞങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് കഴിയുന്നത്ര വേഗത്തിൽ മലബാറിലെ ക്ഷേത്ര ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ നടപ്പാക്കാനുള്ള നടപടി കൈക്കൊള്ളണമെന്നാണ്.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി. കെ. നാണു) : മലബാറിലെ ദേവസ്വങ്ങളുടെ ഭരണ മേൽനോട്ടം വഹിക്കുന്നത് ഹിന്ദുമത ധർമ്മ സ്ഥാപനഭരണവകുപ്പാണ്. 1951-ലെ Madras Hindu Religious and Charitable Endowments Act അനുസരിച്ചാണ് ഭരണമേൽനോട്ടം നിർവ്വഹിക്കുന്നത്. 1356 ക്ഷേത്രങ്ങളാണ് ഈ വകുപ്പിന്റെ കീഴിലുള്ളത്. മലബാറിലെ ക്ഷേത്ര ജീവനക്കാരുടെ ദയനീയാവസ്ഥയെപ്പറ്റി പത്രത്തിൽ വന്ന ഒരു വാർത്ത പൊതു താൽപര്യ ഹർജ്ജിയായി പരിഗണിച്ച് കേരള ഹൈക്കോടതി 1994-ൽ വിധി പ്രസ്താവിക്കുകയുണ്ടായി. ഇതിൽ 13 കാര്യങ്ങളാണ് കോടതി നിർദ്ദേശിക്കുന്നത്. ഈ നിർദ്ദേശങ്ങളിൽ പ്രധാനമായിട്ടുള്ളത് ഹിന്ദുമത ധർമ്മ സ്ഥാപന ഭരണവകുപ്പിന്റെ നിയന്ത്രണത്തിലുള്ളതും, അല്ലാത്തതുമായ പൊതു ക്ഷേത്രങ്ങളുടെ ഭരണ നിർവ്വഹണത്തിനായി ഭരണപദ്ധതി തയ്യാറാക്കുക, മലബാറിലെ ക്ഷേത്ര ജീവനക്കാർക്ക് 1-1-1995 മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം മാന്യമായ പ്രതിഫലം നിശ്ചയിക്കുക, ഹിന്ദു-മത ധർമ്മ സ്ഥാപന നിയമം ഫലപ്രദമായി നടപ്പാക്കാൻ ബുദ്ധിമുട്ടുനേരിടുന്ന സാഹചര്യത്തിൽ ഇതിനായി ഉചിതമായ ഒരു നിയമം ഒരു വർഷത്തിനുള്ളിൽ കൊണ്ടുവരിക. മലബാർ ഭാഗത്തെ ക്ഷേത്രങ്ങൾക്കായി ഒരു ദേവസ്വം

LIBRARY ARCHIVES Kerala Legislative Assembly

ബോർഡും തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നിവയ്ക്കായി ഏകീകൃത ബോർഡ് രൂപീകരിക്കുക എന്നിവയാണ്. ഈ നിർദ്ദേശങ്ങൾ മിക്കവാറും എല്ലാം നടപ്പാക്കിയിട്ടുണ്ട്. 1-1-1995 മുതൽ പ്രാബല്യം നൽകി വിവിധ തസ്തികകൾക്ക് ശമ്പള സ്കെയിൽ നിശ്ചയിച്ചു. ശമ്പളം നൽകാൻ മതിയായ സാമ്പത്തികശേഷി ഇല്ലാത്ത ക്ഷേത്രങ്ങളിൽ സഹായമെന്ന നിലയിൽ സർക്കാർ ഒരു ദേവസ്വം മാനേജ്മെന്റ് ഫണ്ട് രൂപീകരിക്കുകയും 1996 മുതൽ നടപ്പു സാമ്പത്തിക വർഷം വരെ ഓരോ വർഷവും ഓരോ കോടി രൂപ വീതം ഗ്രാന്റായി നൽകുകയും ചെയ്തിട്ടുണ്ട്. ആകെ 5 കോടിരൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ ജീവനക്കാർക്ക് പെൻഷൻ, ഗ്രാറ്റുവിറ്റി എന്നിവ നൽകുന്നതിനും ക്ഷേമനിധി രൂപീകരിക്കുന്നതിനും 50 ലക്ഷം രൂപ ധനസഹായം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കോടതി നിർദ്ദേശത്തിന്റെ അന്തസത്ത ഉൾക്കൊണ്ട് സർക്കാരിന്റെ സാമ്പത്തിക പരിമിതിക്കുള്ളിൽനിന്നുകൊണ്ട് പരമാവധി ആനുകൂല്യങ്ങൾ നൽകാൻ സർക്കാർ ശ്രമിച്ചിട്ടുണ്ട്. കോടതി നിർദ്ദേശങ്ങളിലെ പ്രധാനപ്പെട്ട ഇനം മലബാറിലെ ദേവസ്വങ്ങൾക്ക് ഒരു മലബാർ ദേവസ്വം ബോർഡും തിരുവിതാംകൂർ-കൊച്ചി-മലബാർ മേഖലകൾക്ക് ഏകീകൃത അപ്പെക്സ് ബോർഡും രൂപീകരിക്കണമെന്നുള്ളതാണ്. ഇതിനായി 1997-ലെ കേരള ഹിന്ദുമത ധർമ്മ സ്ഥാപനങ്ങളും എൻഡോവ്മെന്റുകളും ബിൽ നിയമ സഭയിൽ 1997 ഡിസംബറിൽ അവതരിപ്പിച്ചു. സഭ 23-4-1998-ൽ പ്രസ്തുത ബിൽ പരിഗണനയ്ക്കെടുക്കുകയും പൊതുജനാഭിപ്രായം ആരായാൻ തീരുമാനിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ രണ്ട് ലക്ഷത്തിൽ കൂടുതൽ അഭിപ്രായങ്ങൾ കിട്ടിയിട്ടുണ്ട്. ബില്ലും അഭിപ്രായങ്ങളും സഭയുടെ പരിഗണനയിലാണ്. ഹൈക്കോടതി നിർദ്ദേശ പ്രകാരം സമയബന്ധിതമായി മലബാർ ദേവസ്വം ബോർഡ് രൂപീകരിച്ചുകൊണ്ടുള്ള ഒരു ഉത്തരവ് പുറപ്പെടുവിക്കാൻ കഴിഞ്ഞിട്ടില്ല. ദേവസ്വം ബോർഡ് രൂപീകരിക്കാനുള്ള ബിൽ സഭ പാസ്സാക്കാൻ താമസിക്കുന്ന സാഹചര്യത്തിൽ ഒരു ഓർഡിനൻസ് പുറപ്പെടുവിക്കുന്ന കാര്യം പരിഗണിക്കുവാൻ കോടതി നിർദ്ദേശിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് 26-2-2001-ൽ ചീഫ് സെക്രട്ടറിയേയും ദേവസ്വം ബോർഡ് സെക്രട്ടറിയേയും കോടതി മുമ്പാകെ വളിച്ചിരുന്നു. കോടതിയുടെ ഇപ്പോഴത്തെ നിർദ്ദേശം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഇക്കാര്യത്തിൽ വേണ്ട നടപടികളെടുക്കാൻ സാധിക്കുമെന്നുള്ള പ്രതീക്ഷയാണ് സർക്കാരിനുള്ളത്.

(33) കോട്ടയം ജില്ലയിലെ ചിങ്ങവനം ഇലക്ട്രോ കെമിക്കൽസ് ഫാക്ടറി പൂട്ടിക്കിടക്കുന്നതുമൂലമുള്ള പ്രശ്നങ്ങൾ

ശ്രീ. ഉമ്മൻ ചാണ്ടി : സർ, കോട്ടയം ജില്ലയിലെ ചിങ്ങവനം ഇലക്ട്രോ കെമിക്കൽസ് ഫാക്ടറി അടച്ചുപൂട്ടിയിട്ട് രണ്ടുവർഷം കഴിഞ്ഞു. ഇവിടത്തെ തൊഴിലാളികൾക്ക് വേതനം ലഭിച്ചിട്ട് രണ്ടുവർഷമായി. അവർ ആത്മഹത്യയുടെ വക്കിലാണ്. അടിയന്തിരമായി ഫാക്ടറി തുറപ്പിക്കുകയോ അതിനു കഴിയാതെ വന്നാൽ ഫാക്ടറി ഗവൺമെന്റ് ഏറ്റെടുത്ത് പ്രവർത്തിപ്പിക്കുവാനുള്ള നടപടി സ്വീകരിക്കുകയോ ചെയ്യണം. പൂട്ടിക്കിടക്കുന്ന ഫാക്ടറികളിലെ

LIBRARY ARCHIVES Kerala Legislative Assembly